ഉത്തരം

(എ) ഔട്ട് ബോർഡ് എഞ്ചിനുകൾ, വലകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ

(ബി) വ്യാസാ സ്റ്റോറിലെ വിലകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പൊതു മാർക്കറ്റിലെ വില പ്രാദേശികമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

നെടുമങ്ങാട് ഇൻ-ലാൻഡ് ഫിഷ് മാർക്കറ്റ്

17 (1924) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമാക്കി ഒരു ഇൻ-ലാൻഡ് ഫിഷ് മാർക്കറ്റ് ആരംഭിക്കുന്നതിന് സർക്കാർ എന്നാണ് അനുമതി നൽകിയത് ;

(ബി) ഇതിനുവേണ്ടി എന്തു തുകയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ;

(സി) എന്തുതുക ഇതിനുവേണ്ടി അനുവദിച്ചു ;

(ഡി) ഈ തുകയിൽ ഇതുവരെ എത്ര ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ മാർക്കറ്റിന്റെ പണി ആരാണ് നടത്തുന്നത് ; ഇപ്പോൾ ഇതിന്റെ പണി ഏതു ഘട്ടത്തിലാണ് ?

ഉത്തരം

(എ) 17-10-1994-ലെ സ. ഉ. (സാധാ) നം. 403/94/മ.ജു.വ. പ്രകാരമാണ് ഇക്കാര്യത്തിന് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) മാർക്കറ്റ് നിർമ്മാണത്തിനായി 18,47,462 രൂപയുടെയും, ഐസ്പ്ലാന്റ് കെട്ടിട നിർമ്മാണത്തിനായി 10,59,500 രൂപയുടെയും, മാർക്കറ്റിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിലേക്കായി 3,00,000 രൂപയുടെയും ഉൾപ്പെടെ മൊത്തം 32,06,962 രൂപയുടെ അടങ്കലുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) 49 ലക്ഷം രൂപ.

(ഡി) വ്യക്തമാക്കാം, 25,07,513 രൂപ.

(ഇ) ഈ മാർക്കറ്റിന്റെ പണി നെടുമങ്ങാട് നഗരസഭയാണ് നടത്തുന്നത്. മാർക്കറ്റിന്റെ നിർമ്മാണവും, സംരക്ഷണവും ഭിത്തി നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ഐസ് പ്ലാന്റ് നിർമ്മാണ പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly